**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **5221** 31-10-2016-ൽ മറുപടി നൽകേണ്ടത്

**<u>മന്ത്രിമാർക്ക് ഉപദേശകർ</u>**

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

**ഉത്തരം**

ശ്രീ. പിണറായി വിജയൻ

(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | പ്രതിഫലം പറ്റാതെയോ പറ്റിയോ മുഖ്യമന്തിക്ക് ഉപദേശകരുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. മുഖ്യമന്ത്രിയുടെ സയന്റിഫിക്ക് അഡ്വൈസറായി ശ്രീ.എം. ചന്ദ്രദത്തനെയും, മീഡിയ അഡ്വൈസറായി ശ്രീ.ജോൺ ബ്രിട്ടാസിനെയും, ലീഗൽ അഡ്വൈസറായി അഡ്വ.എം.കെ.ദാമോദരനെയും (അദേഹം പദവി ഏറ്റെടുത്തിട്ടില്ല) സാമ്പത്തിക ഉപദേഷ്ടാവായി ഹാർവാർഡ് യൂണി വേഴ്സിറ്റിയിലെ സാമ്പത്തിക ശാസ്ത്രവിഭാഗം പ്രൊഫസറായ ശ്രീമതി.ഗീതാഗോപിനാഥി നെയും പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കു മെന്ന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ശ്രീ.പ്രഭാകരവർമ്മയെ മുഖ്യമന്ത്രിയുടെ പ്രസ് അഡ്വൈസറായി പ്രതിഫലം നൽകികൊണ്ട് നിയമിച്ചിട്ടുണ്ട്. |
| (ബി) | മറ്റ് മന്ത്രിമാർക്കും ഉപദേശകരെ നിയമിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ; | ബി) | മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാന ത്തിലാണ് മുഖ്യമന്ത്രിക്കും, മന്ത്രിമാർക്കും ഉപദേശകരെ നിയമിക്കുന്നത്. |
| (സി) | ഉപദേശകരെ പേഴ്സണൽ സ്റ്റാഫിന്റെ ഭാഗമാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | സി) | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ